ഉത്തരം

(എ) കേരളത്തിന്റെ വിഹിതത്തിൽ പ്രതിമാസം 2357 കിലോ ലിറ്റർ മണ്ണെണ്ണ മത്സ്യമേഖലയ്ക്കായി നീക്കിവച്ചിട്ടുണ്ട്.

(ബി) മത്സ്യബന്ധന ബോട്ടുകൾക്ക് മണ്ണെണ്ണ വിതരണം ചെയ്യുന്നില്ല 14,422 ഔട്ട് ബോർഡ് മോട്ടോറുകൾ ഘടിപ്പിച്ച വള്ളങ്ങൾക്കായി വിതരണം ചെയ്തു വരുന്നു.

(സി) ലിറ്ററിന് 9.50 രൂപ മുതൽ 9.70 രൂപ വരെ.

(ഡി) ഉണ്ട്.

(ഇ) ഔട്ട് ബോർഡ് എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങൾക്ക് എഞ്ചിന്റെ പ്രവർത്തന ക്ഷമത നോക്കിയാണ് മണ്ണെണ്ണ നൽകുന്നത്.

മത്സ്യമേഖലാ വികസന പരിപാലന നയം

68 [2788] ശ്രീ. പി. നാരായണൻ :
,, പി. എസ്. സുപാൽ :
,, എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമേഖലാ വികസന പരിപാലന നയം പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അത്തരത്തിലൊരു നയം പ്രഖ്യാപിക്കുവാനുദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ എപ്പോൾ പ്രഖ്യാപിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ കരടു നയം രൂപീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ—ഡി) 13-7-2004-ലെ സർക്കാർ ഉത്തരവ് (പി) 29/2004/മ.തു.വ. പ്രകാരം മത്സ്യമേഖലാ വികസന പരിപാലന നയം പ്രഖ്യാപിച്ചിട്ടുണ്ട്.

ഉൾനാടൻ മത്സ്യബന്ധന മേഖല നേരിടുന്ന പ്രശ്നങ്ങൾ

69 [2789] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന എത്ര പേർ ഉണ്ടെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ നല്കാമോ;

(ബി) ഉൾനാടൻ മത്സ്യബന്ധന മേഖല നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്നും അവ പരിഹരിക്കുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ മേഖലയിൽ 2001-02 മുതൽ 2003-04 വരെയുള്ള ഓരോ വർഷവും നടപ്പാക്കിയ പദ്ധതികൾ, ചെലവഴിച്ച തുക, ഭൗതിക നേട്ടങ്ങൾ എന്നിവ വിശദമാക്കുമോ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

നം.	ജില്ല	മത്സ്യബന്ധനം പ്രധാന വരുമാനമാർഗമായി സ്വീകരിച്ചവർ	മത്സ്യത്തൊഴിലാളികൾ
1.	തിരുവനന്തപുരം	..	1417
2.	കൊല്ലം	8490	36002
3.	പത്തനംതിട്ട	434	2439
4.	ആലപ്പുഴ	10834	65440
5.	കോട്ടയം	7304	26206
6.	ഇടുക്കി	142	819
7.	എറണാകുളം	7859	67638
8.	തൃശ്ശൂർ	1719	20922
9.	പാലക്കാട്	465	2742
10.	മലപ്പുറം	1332	4603
11.	കോഴിക്കോട്	1705	12717
12.	വയനാട്	..	285
13.	കണ്ണൂർ	1410	6875
14.	കാസർഗോഡ്	359	1000
	ആകെ	**42053**	**249105**

(ബി) ഉൾനാടൻ മത്സ്യബന്ധന മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ താഴെ ചേർക്കുന്നു:

1. അശാസ്ത്രീയ മത്സ്യബന്ധനവും മത്സ്യരോഗങ്ങളും.
2. അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന ചീനവലകളും ഊന്നിവലകളും.
3. വിവേചനരഹിതമായ മത്സ്യബന്ധനം.

ഇവ പരിഹരിക്കുന്നതിന് സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന വലകൾ നീക്കം ചെയ്യുന്നതിന് സർക്കാർ ഭാഗത്തു നിന്ന് ആവശ്യമായ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

രോഗവാഹികളായ മത്സ്യക്കുഞ്ഞുങ്ങളെ ഒഴിവാക്കുന്നതിന് സർക്കാർ ഹാച്ചറികളിൽ നിന്നുതന്നെ മത്സ്യക്കുഞ്ഞുങ്ങളെ വാങ്ങുന്നതിനും പുറത്തുനിന്ന് വാങ്ങുകയാണെങ്കിൽ പി.സി.ആർ. ടെസ്റ്റിന് വിധേയമാക്കിയ മത്സ്യക്കുഞ്ഞുങ്ങളെ വാങ്ങുന്നതിനും കർഷകർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ഇതിലേക്കായി അഡാക്കിന്റെ ആഭിമുഖ്യത്തിൽ പി.സി.ആർ. ടെസ്റ്റ് ലാബുകൾ സ്ഥാപിച്ചുവരുന്നു.

(സി) 2001-02-ൽ 78.40 ലക്ഷം രൂപ, 2002-03-ൽ 100 ലക്ഷം രൂപ, 2003-04-ൽ 100 ലക്ഷം രൂപയും മത്സ്യകർഷക വികസന ഏജൻസികൾക്ക് അനുവദിച്ച് നല്കുകയുണ്ടായി. അതിൻപ്രകാരം 2001-02-ൽ 9056 ഹെക്ടർ ജലാശയങ്ങൾ സർവേ നടത്തുകയും 2002-03-ൽ 618 ഹെക്ടർ ജലാശയങ്ങൾ സർവേ നടത്തുകയും 8239 ഹെക്ടർ മത്സ്യകൃഷി നടത്തുകയും 2030 കിലോഗ്രാം മത്സ്യം ഉല്പാദിപ്പിക്കുകയും ചെയ്തു. 2003-04-ൽ 782.42 ഹെക്ടർ സർവേ ചെയ്യുകയും 463.53 ഹെക്ടർ മത്സ്യകൃഷി നടത്തുകയും 149.68 ടൺ മത്സ്യം ഉല്പാദിപ്പിക്കുകയും ചെയ്തു. റിസർവോയർ ഫിഷറീസ് വികസനത്തിനായി 2001-02-ൽ 8 ലക്ഷം, 2002-03-ൽ 9.78 ലക്ഷം, 2003-04-ൽ 10 ലക്ഷം എന്നിങ്ങനെ അനുവദിക്കുകയുണ്ടായി. പ്രസ്തുത തുക ഉപയോഗിച്ച് സംസ്ഥാനത്തെ 10 ജലസംഭരണികളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്.

ജനകീയ മത്സ്യകൃഷി പദ്ധതി

70 [2790] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയ മത്സ്യകൃഷി പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ മത്സ്യ മേഖലയിൽ എന്തെല്ലാം ജനകീയ പദ്ധതികളാണിപ്പോൾ നടപ്പാക്കി വരുന്നതെന്ന് വിശദമാക്കാമോ;

(സി) ജനകീയ മത്സ്യകൃഷി പദ്ധതിക്ക് ഫിഷറീസ് വകുപ്പിൽ നിന്നും എന്തെല്ലാം ആനുകൂല്യങ്ങൾ നല്കിവരുന്നുണ്ട്;

(ഡി) മത്സ്യകൃഷി വിപുലവും ആദായകരവുമാക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന മത്സ്യമേഖലയിലെ വിവിധ പദ്ധതികൾക്കുവേണ്ട പ്രോജക്ടുകൾ തയ്യാറാക്കി കൊടുക്കുന്നതും നിർവ്വഹണം നടത്തുന്നതും ഫിഷറീസ് വകുപ്പാണ്. കൂടാതെ തിരുവനന്തപുരം ജില്ലയിലെ ആക്കുളത്ത് ഒരു ശുദ്ധജല അക്വേറിയം മത്സ്യവകുപ്പിന്റെ ധനസഹായത്തോടെ ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly